


# തളർവാതരോഗിയെ സുഖപ്പെടുത്തുന്നു

മർക്കോ. 2: 1 – 12 Vol. 12, Issue: 37

ബ്ര. റെലിൻ പടിഞ്ഞാറേവീട്ടിൽ

“ജനനം എന്ന മൂന്നക്ഷരത്തിനും മരണം എന്ന മൂന്നക്ഷരത്തിനും ഇടയിലുള്ള മൂന്നക്ഷരമാണ് ജീവിതം.” ജീവിതം സങ്കടങ്ങൾ മാത്രം സമ്മാനിക്കുമ്പോൾ, പ്രതിസന്ധികൾ പേമാരി പോലെ പെയ്തിറങ്ങുമ്പോൾ, പ്രശ്നങ്ങൾ ഒന്നൊഴിയാതെ ജീവിതത്തെ വേട്ടയാടുമ്പോൾ ദൈവത്തോട് പരാതിപ്പെടുന്നവരാണ് നമ്മളിൽ കൂടുതൽ പേരും. ചിലപ്പോഴൊക്കെ നമ്മുടെ ക്രിസ്തീയ വിശ്വാസജീവിതത്തെ പോലും അടിയുലക്കുന്ന സംഭവങ്ങൾ നാം കണ്ടുമുട്ടാറുണ്ട്. അവിടെയാണ് ഇന്നത്തെ സുവിശേഷം നമ്മോടു പറയുന്നത്, ദൈവത്തിലുള്ള ആഴമായ വിശ്വാസം എങ്ങനെ നമ്മുടെ ഇരുളടഞ്ഞ വഴികളിൽ പ്രകാശവും വേദനയുടെ നിമിഷങ്ങളിൽ രക്ഷയും സൗഖ്യവുമായി മാറുന്നു എന്ന്.

കഫർണാമിലെ ഒരു വീട്ടിൽ ഈശോ ഉണ്ട് എന്ന് ജനങ്ങൾ അറിയുമ്പോൾ അവനെ ഒരു നോക്ക് കാണാനും അവന്റെ അത്ഭുതസിദ്ധികൾ നേരിട്ട് അനുഭവിച്ചറിയാനും ജനം ആർത്തിരമ്പുന്നുണ്ട്. അവിടെയാണ് തളർവാതം പിടിച്ച തങ്ങളുടെ സുഹൃത്തിനെ, പല വൈദ്യന്മാരെ കാണിച്ചിട്ടും സൗഖ്യം ലഭിക്കാത്ത തങ്ങളുടെ സുഹൃത്തിനെ ഈശോയ്ക്ക് സൗഖ്യമാക്കാൻ കഴിയുമെന്ന് അവർ അടിയുറച്ച് വിശ്വസിക്കുന്നത്. അതുകൊണ്ടാണ് ജനനിബിഡമായിരുന്ന പത്രോസിന്റെ ഭവനത്തിന്റെ മേൽക്കൂര പൊളിച്ച് തങ്ങളുടെ സുഹൃത്തിനെ ഈശോയുടെ സമീപത്ത് അവർ എത്തിക്കുന്നത്. ഇവരുടെ ആഴമായ വിശ്വാസം കണ്ടിട്ടാണ് ഈശോ തളർവാതരോഗിയോടു പറഞ്ഞത് മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നുവെന്നും നിന്റെ രോഗങ്ങൾ സുഖപ്പെട്ടിരിക്കുന്നുവെന്നും.

ഇന്നത്തെ വചനവിചിന്തനത്തിന് നാം ധ്യാനവിഷയമാക്കുന്നത് തളർവാതരോഗിയുടെയും നാല് സുഹൃത്തുക്കളുടെയും വിശ്വാസത്തെക്കുറിച്ചാണ്. വിശ്വാസത്തിന്റെ മൂന്നു പ്രത്യേകതകൾ ഇവരുടെ ജീവിതങ്ങളിൽ നമുക്ക് കാണാൻ സാധിക്കും. ഒന്നാമതായി, തളർവാതരോഗിയുടെയും സുഹൃത്തുക്കളുടെയും ജീവിതത്തിൽ അവർ വേറിട്ട വഴികളിലൂടെ സഞ്ചരിച്ച് വിശ്വാസത്തെ മുറുകെപ്പിടിച്ചവരായിരുന്നു. ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ അതിനെ വേറിട്ട രീതിയിൽ

അഭിമുഖീകരിക്കുകയാണ് ഇവർ ചെയ്തത്. മർക്കോസിന്റെ സുവിശേഷം 2-ാം അധ്യായം 4-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നുണ്ട്: ''ജനക്കൂട്ടം നിമിത്തം അവന്റെ അടുത്തെത്താൻ അവർക്കു കഴിഞ്ഞില്ല.'' ആൾക്കൂട്ടവും തിരക്കും കണ്ട് അവർ അവരുടെ ശ്രമം ഉപേക്ഷിച്ചിട്ട് വീട്ടിൽ പോയി തങ്ങളുടെ സുഹൃത്തിനു വേണ്ടി കണ്ണുകളടച്ചു പ്രാർത്ഥിച്ചു എന്നല്ല നാം സുവിശേഷത്തിൽ കാണുന്നത്. മറിച്ച്, അവർ വീടിന്റെ മേൽക്കൂര പൊളിച്ച് തളർവാതരോഗിയെ ഈശോയുടെ അടുക്കൽ എത്തിച്ചുവെന്നാണ് നാം കാണുന്നത്. ജീവിതത്തിൽ ക്രിസ്തുവിനെ നേടാൻ മുൻവാതിലിലൂടെ തന്നെ പോകണമെന്ന് ഒരു നിർബന്ധവുമില്ല. അടഞ്ഞുപോയ വാതിൽപ്പാളികളിലേക്കു നോക്കി വെറുതെ സമയം കളയാതെ നമുക്കായി അനേകം വാതിലുകൾ ദൈവത്തിലേക്ക് എത്തിച്ചേരാൻ ക്രിസ്തു തന്നെ നമ്മുടെ ചുറ്റിലും തുറന്നിടുന്നുണ്ട്. ആ വാതിലിലൂടെ പ്രവേശിക്കുക. അവൻ നിന്റെ രോഗങ്ങൾ സുഖപ്പെടുത്തും, നിന്റെ മുറിവ് വച്ചുകെട്ടും, നിന്റെ സങ്കടങ്ങൾ സന്തോഷമാക്കി മാറ്റും.

രണ്ടാമതായി, അവരുടെ ജീവിതങ്ങളിൽ അനുകമ്പയുള്ള വിശ്വാസമുണ്ടായിരുന്നു. അനുകമ്പയുടെ ഹൃദയം പേറുന്നവരായിരുന്നു ആ തളർവാതരോഗിയുടെ സുഹൃത്തുക്കൾ. ഖലീൽ ജിബ്രാന്റെ 'പ്രവാചകൻ' എന്ന കൃതിയിൽ ഇപ്രകാരം ഒരു ചോദ്യം ചോദിക്കുന്നുണ്ട്: 'ആരാണ് ദൈവം?' തനിക്കു വേണ്ടിയല്ലാതെ മറ്റൊരാളെ സ്നേഹിക്കുന്ന ഒരാൾ, കപടതയില്ലാതെ കണ്ണിൽ കാരുണ്യം പേറുന്നവർ. എങ്കിൽ ഞാൻ കണ്ടുമുട്ടുന്ന പലരിലും ദൈവമുണ്ട്. ആ തളർവാതരോഗിക്ക് നാല് സുഹൃത്തുക്കൾ ഒരു നിറഞ്ഞ ദൈവസാന്നിധ്യമായിരുന്നു. അപരന്റെ വിഷമങ്ങളിൽ അവനോട് ഒരു ആശ്വാസവാക്ക് പറയുമ്പോൾ, സഹജന്റെ നൊമ്പരങ്ങളിൽ കേൾക്കാൻ ചെവി ചായ്ക്കുമ്പോൾ, അപരന്റെ ജീവിത തളർച്ചകളിൽ അവനൊരു കൈത്താങ്ങാകുമ്പോൾ നമ്മൾ അവരുടെ ജീവിതങ്ങളിൽ ഒരു ദൈവസാന്നിധ്യം ആയി മാറാറുണ്ട്. നമുക്ക് പരിശ്രമിക്കാം, മറ്റുള്ളവരുടെ ജീവിതത്തിൽ ഒരു നുറുങ്ങുവെട്ടമാവാൻ, ഒരു ചെറു ദൈവസാന്നിധ്യമാവാൻ.

മൂന്നാമതായി, അവരുടെ ജീവിതങ്ങളിൽ ഐക്യപൂർണ്ണ വിശ്വാസമുണ്ടായിരുന്നു. നാലു സുഹൃത്തുക്കളും എല്ലാ കാര്യങ്ങളും ഐക്യപൂർണ്ണമായി പ്രവർത്തിക്കുന്നത് നമുക്ക് കാണുവാൻ സാധിക്കും. മർക്കോസിന്റെ സുവിശേഷം 2-ാം അധ്യായം 5-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നുണ്ട്: ''അവരുടെ വിശ്വാസം കണ്ട് ഈശോ തളർവാതരോഗിയോടു പറഞ്ഞു: മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.''

ഒരുമയോടും വിശ്വാസത്തോടും കൂടിയുള്ള പ്രാർത്ഥനകൾ ദൈവസന്നിധിയിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുമെന്ന ആഹ്വാനമാണ് ഇന്നത്തെ സുവിശേഷം നൽകുന്നത്. വി. അഗസ്തീനോസ് ഇപ്രകാരം പറയുന്നുണ്ട്: ''ആത്മാവ് ശരീരത്തോട് എത്രമാത്രം ഐക്യത്തിലായിരിക്കുന്നുവോ അതുപോലെ നമ്മുടെ ഹൃദയം ദൈവത്തോട് അത്രമാത്രം ചേർന്നിരിക്കണം.''

നമുക്കൊന്ന് വിചിന്തനം ചെയ്യാം, ഒരുമിച്ചുള്ള കുടുംബപ്രാർത്ഥനകളിലും സമൂഹപ്രാർത്ഥനകളിലും മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കാനും ഞാൻ എത്രമാത്രം ശ്രദ്ധ പുലർത്താറുണ്ട് എന്ന്. തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ നമുക്ക് അതിനെ തിരുത്തി ജീവിതത്തെ കൂടുതൽ അനുഗ്രഹപ്രദമാക്കി മാറ്റാം.

വിശ്വാസത്തിന്റെ ഏറ്റവും വലിയ കൂദാശയാണ് വിശുദ്ധ കുർബാന. ഈ പരിശുദ്ധ കുർബാനയുടെ മധ്യത്തിൽ നമുക്ക് തളർവാതരോഗിയുടെയും സുഹൃത്തുക്കളുടെയും വിശ്വാസജീവിതത്തെ മാതൃകയാക്കാം. ഈ വിശുദ്ധ കുർബാനയിൽ നമുക്ക് പ്രാർത്ഥിക്കാം, എന്റെ ജീവിതത്തിലെ സ്വാർത്ഥതയാകുന്ന മേൽക്കൂരകൾ പൊളിച്ച് അവിടെ അങ്ങയുടെ സ്നേഹക്കൂടാരങ്ങൾ എന്റെ ഹൃദയത്തിൽ പണിയണമെന്നും തളർവാതം പിടിച്ച എന്റെ ആത്മീയജീവിതത്തിൽ അങ്ങയുടെ സ്നേഹസ്പർശനം കൊണ്ട് സുഖമാക്കണമെന്നും നമുക്ക് പ്രാർത്ഥിക്കാം.